# ഇവന്
# ചെവികൊടുപ്പീൻ!



വിശുദ്ധ വേദപുസ്തകത്തിൽ, ദൈവത്തിൽ നിന്ന് ഒരു കല്പന ലഭിച്ചിരിക്കുന്നു.... "ഇവന് ചെവികൊടുപ്പിൻ!" ദൈവം തന്റെ പ്രിയപുത്രനായ യേശുവിനെക്കുറിച്ചാണ് ഇങ്ങനെ പറഞ്ഞത്. നിന്റെ മരണത്തിനുശേഷം എന്ത് സംഭവിക്കും എന്ന് ഉറപ്പില്ല എങ്കിൽ നിനക്ക് എന്ത് സംഭവിക്കും എന്ന് യേശു പറഞ്ഞിരിക്കുന്നത് വായിക്കുകയില്ലേ?

1. “എന്റെ വചനംകേട്ട് പ്രമാണിക്കാത്തവനെ ഞാൻ വിധിക്കുന്നില്ല. ലോകത്തെ വിധിപ്പാനല്ല ലോകത്തെ രക്ഷിപ്പാനത്രെ ഞാൻ വന്നിരിക്കുന്നത്. എന്റെ വചനം കൊക്കൊള്ളാതെ എന്നെ തള്ളിക്കളയുന്ന വനെ ന്യായംവിധിക്കുന്നവൻ ഉണ്ട്; ഞാൻ സംസാ രിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായംവിധിക്കും ” (യോഹന്നാൻ 12:47,48).

**ഇവന് ചെവികൊടുപ്പിൻ!**

നീ യേശുവിനെ തിരസ്ക്കരിച്ചാൽ ഒരു ദിവസം അവന്റെ വചനത്താൽ നീ ന്യായം വിധിക്കപ്പെടും.

2. “ആകയാൽ നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും എന്ന് ഞാൻ നിങ്ങളോട് പറഞ്ഞും; ഞാൻ അങ്ങനെയുള്ളവൻ എന്ന് വിശ്വസിക്കാഞ്ഞാൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും എന്ന് പറഞ്ഞു” (യോഹന്നാൻ 8:24).

“എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാ ത്തവരായിത്തീർന്നു” (റോമർ 3:23).

**ഇവന് ചെവികൊടുപ്പിൻ!**

യേശുക്രിസ്തുവിൽ നീ വിശ്വസിക്കുന്നില്ല എങ്കിൽ നീ നിന്റെ പാപത്തിൽ മരിക്കും.

3. “ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകു ന്നു. ഞാൻ മുഖാന്തിരമല്ലാതെ ആരും പാതാവിന്റെ അടുക്കൽ എത്തുന്നില്ല” (യോഹന്നാൻ 14:6).

**ഇവന് ചെവികൊടുപ്പിൻ!**

യേശു പറയുന്നു, അവനെ കൂടാതെ ആർക്കും സ്വർഗ്ഗത്തിൽ എത്തുവാൻ സാധിക്കയില്ല. വേറെ ഒരു വഴിയും ഇല്ല.

4. “അവനിൽ വിശ്വസിക്കുന്നവന് ന്യായവിധിയില്ല. വിശ്വസിക്കാത്തവന് ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായ വിധിവന്നു കഴിഞ്ഞു”.

**ഇവന് ചെവികൊടുപ്പിൻ!**

യേശുക്രിസ്തുവിൽ വിശ്വസിക്കായ്കയാൽ നീ

വിധിക്കപ്പെട്ട് കഴിഞ്ഞു.... അഗ്നിനരകത്തിനായി തന്നേ!

5. "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്"

**ഇവന് ചെവികൊടുപ്പിൻ!**

നീ നഷ്ടപ്പെട്ടവൻ എങ്കിൽ... രക്ഷ പ്രാപിക്കേണം... ദൈവകോപത്തിൽ നിന്ന് "മറ്റൊരുത്തനിലും രക്ഷ ഇല്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല" (അപ്പോ.പ്രവൃത്തികൾ 4:12).

6. "അവൻ ദൈവത്തിന്റെ നീതി അറിയാതെ, സ്വന്തം നീതി സ്ഥാപിക്കാൻ അന്വേഷിച്ചുകൊണ്ട് ദൈവ ത്തിന്റെ നീതിക്ക് കീഴ്പ്പെട്ടിട്ടില്ല" (റോമർ 10:3).

**ഇവന് ചെവികൊടുപ്പിൻ!**

നിനക്കും ദൈവത്തിന്റെ നീതിയാണ് ആവശ്യം അതില്ല എങ്കിൽ നീ നരകത്തിൽ പോകും. എന്നാൽ ഈ നിമിഷം നിനക്കും ദൈവ നീതി ലഭിക്കാം. "നമ്മുടെ പാപങ്ങളെ ഏറ്റുപ റയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസത്നും നീതി മാനും ആകുന്നു" (യോഹന്നാൻ 1:9).

ഇപ്പോൾ തന്നെ ദയവായി യേശു ക്രിസ്തുവിനോട് പ്രാർത്ഥിക്കുക. നിന്റെ ഹൃദയ ത്തിലേക്കും രക്ഷിപ്പാനും നിന്റെ പാപങ്ങളെ ക്ഷമി പ്പാനും ക്ഷണിക്കുക. "യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേൽപിച്ചു എന്ന് ഹൃദയം കൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും..." റോമർ 10:9).

7. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും. എന്റെ വച നങ്ങളോ ഒഴിഞ്ഞുപോകയില്ല (മത്തായി 24:35).

**ഇവന് ചെവികൊടുപ്പിൻ!**

യേശു പറഞ്ഞവാക്ക് സ്ഥിരമായി നിൽക്കുന്നു. ഇന്നും നാളെയും എന്നേയ്ക്കും. “ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കുന്നു” (എബ്രായർ 9:27).

**യേശുവിനെ തിരസ്ക്കരിക്കുവാൻ**
**ഞാൻ തീരുമാനിക്കുന്നു.**

“മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവ നേയോ എന്റെ പിതാവിന്റെ മുമ്പിൽ ഞാനും തള്ളിപ്പ റയും” (മത്താ. 10:33).

**ഇവന് ചെവികൊടുപ്പിൻ!**

“പുത്രനിൽ വിശ്വസിക്കാത്തവൻ ജീവനെ കാണു കയില്ല. ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേ യുള്ളൂ” (യോഹന്നാൻ 3:36).

**യേശുവിനെ എന്റെ രക്ഷിതാവായി**
**സ്വീകരിക്കാൻ ഞാൻ തീരുമാനിക്കുന്നു.**

“ഞാൻ അവയ്ക്ക് നിത്യജീവൻ കൊടുക്കുന്നു അവ ഒരുനാളും നശിച്ചു പോകയില്ല. ആരും അവയെ എന്റെ കയ്യിൽ നിന്ന് പിടിച്ച് പറിക്കയും ഇല്ല” (യോഹന്നാൻ 10:28).

“പുത്രനുള്ളവന് ജീവൻ ഉണ്ട്. ദൈവപുത്രനില്ലാ ത്തവന് ജീവൻ ഇല്ല” (യോഹന്നാൻ 5:12).

**ഇവന് ചെവികൊടുപ്പിൻ!**

ദയവായി നിങ്ങൾ കർത്താവായ യേശുക്രിസ്തു വിനെ രക്ഷിതാവായി സ്വീകരിക്കുവാൻ തീരുമാനിച്ചാൽ നിങ്ങളുടെ മേൽവിലാസം എഴുതി അയക്കുക.

**FELLOWSHIP TRACT LEAGUE**
P.O. BOX 164 • LEBANON, OH 45036
www.fellowshiptractleague.org © Tract 5660 (Malayalam)
All tracts free as the Lord provides. Not to be sold.